ഉത്തരം

(എ, ബി & സി) സംസ്ഥാന സിവിൽ സർവീസും, നിലവിലുള്ള ഭരണസംവിധാനവും കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേരള ഭരണ പരിഷ്കാര സമിതി (1997) യുടെ റിപ്പോർട്ടുകളിലെ ശുപാർശകൾ അംഗീകരിച്ചു നടപ്പാക്കിവരുന്നതോടൊപ്പം ഏതാനും സർക്കാർ നവീകരണ ഉദ്യമങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. സേവന ദായക മേഖലയിൽ സുതാര്യമായ നടത്തിപ്പിന് ഉതകുന്ന രീതിയിൽ സിവിൽ സർവീസിനെ സജ്ജമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പൊതുജനങ്ങളുമായി നേരിട്ട് ബന്ധമുള്ള എല്ലാ സർക്കാർ വകുപ്പുകളിലും 'പൗരാവകാശ പത്രിക' തയ്യാറാക്കാനും; 'അന്വേഷണ കൗണ്ടറുകൾ' തുറക്കാനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. എല്ലാ വകുപ്പുകളിലും 'പ്രവർത്തന പുനരവലോകനം' നടത്താനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ജീവനക്കാരുടെ പ്രവർത്തന മികവ് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പൊതുജന സേവനത്തിന് ഉതകുന്ന രീതിയിലുള്ള തുടർ പരിശീലനപദ്ധതികൾക്കും രൂപം നൽകിയിട്ടുണ്ട്. കാര്യക്ഷമതയുടെയും പ്രവർത്തനമികവിന്റെയും അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നല്കുന്നത് സംബന്ധിച്ച കരടുരേഖയും പരിശോധിച്ചു വരുന്നുണ്ട്. സംസ്ഥാന തലത്തിൽ ഒരു 'സിവിൽ സർവീസ്' രൂപീകരിക്കുന്ന വിഷയവും സർക്കാർ പരിഗണനയിലാണ്.

റീ-ഡിപ്ലോയ്മെന്റ് കമ്മിറ്റിയുടെ ശുപാർശകൾ

23 [23] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. സ്റ്റീഫൻ ജോർജ്:

,, തോമസ് ഉണ്ണിയാടൻ:

,, ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സർക്കാർ സർവ്വീസിലെ തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനും നിയമന നിരോധനത്തിനുമായി സർക്കുലറുകളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സർക്കുലറുകളുടെയും ഉത്തരവുകളുടെയും കോപ്പി ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസിദ്ധീകരിച്ച എ. ആർ. സി. റിപ്പോർട്ടിൽ തസ്തികകൾ വെട്ടിക്കുറയ്ക്കാൻ ശുപാർശ ചെയ്തിരുന്നോ;

(ഡി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ നിയമന നിരോധനം നിലവിലുണ്ടായിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എ. ആർ. സി. റിപ്പോർട്ടിന്മേൽ റീ-ഡിപ്ലോയ്മെന്റ് കമ്മിറ്റിക്ക് ഈ സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(എഫ്) റീ-ഡിപ്ലോയ്മെന്റ് കമ്മിറ്റിയുടെ ശുപാർശകൾ സർക്കാരിന് ലഭിച്ചോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ജി) റീ-ഡിപ്ലോയ്മെന്റ് കമ്മിറ്റി എത്ര തസ്തികകൾ അധികമാണെന്ന് കണ്ടെത്തിയിട്ടുണ്ട്;

(എച്ച്) അധിക തസ്തികകളിന്മേൽ എപ്രകാരം പുനർവിന്യാസം നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) തസ്തിക സൃഷ്ടിക്കലിന് നിരോധനം ഏർപ്പെടുത്തിയിരുന്നു.

(ബി) ഇതോടൊപ്പം വയ്ക്കുന്നു.†

(സി) എ. ആർ. സി. യുടെ 14-ാമത് റിപ്പോർട്ടിൽ സംസ്ഥാന സെക്രട്ടറിയേറ്റിന്റെ വലിപ്പം 1/3 കുറയ്ക്കുന്ന കാര്യം 8, 4, 2 ഖണ്ഡികകളിൽ പരാമർശിച്ചിട്ടുണ്ട്.

(ഡി) തസ്തിക സൃഷ്ടിക്കുന്നതിൽ നിരോധനം ഉണ്ടായിരുന്നു.

(ഇ) 16-1-2002-ലെ സർക്കാർ ഉത്തരവ് നം. 56/02/ധന പ്രകാരം കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്.

(എഫ്) റീ-ഡിപ്ലോയ്മെന്റ് കമ്മിറ്റിയുടെ ശുപാർശകൾ സർക്കാരിന് ലഭിച്ചു. റീ-ഡിപ്ലോയ്മെന്റ് കമ്മിറ്റിയുടെ ശുപാർശകൾ ഇപ്രകാരമാണ്. കമ്മിറ്റി 17195 തസ്തികകൾ അധികമാണെന്ന് കണ്ടെത്തുകയും, 11658 ജീവനക്കാർ കൂടുതലായുണ്ടെന്ന് നിജപ്പെടുത്തുകയും ചെയ്തു. ഈ അധിക തസ്തികകളിൽ 3570 തസ്തികകൾ നിർത്തലാക്കുകയും 2915 തസ്തികകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുകയും 1663 തസ്തികകളെ പുനർവിന്യസിക്കാനായി മാറ്റി നിർത്തുകയും ചെയ്തു. 3510 തസ്തികകൾ നിർത്തലാക്കുകയോ സൂപ്പർ ന്യൂമററിയായി പ്രഖ്യാപിക്കുകയോ ചെയ്യേണ്ടതായിട്ടുണ്ട്. ഈ സൂപ്പർ ന്യൂമററി തസ്തികകളിൽ നിന്നും സമ്മതം വാങ്ങി മാത്രം ജീവനക്കാരെ പുനർവിന്യസിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

(ജി) 17195

(എച്ച്) അധിക തസ്തികകളിൽ 3570 തസ്തികകൾ നിർത്തലാക്കുകയും 2915 തസ്തികകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുകയും ചെയ്തിട്ടുണ്ട്. 1663 തസ്തികകൾ ഇനിയും തദ്ദേശ ഭരണസ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കേണ്ടതായിട്ടുണ്ട്. 3510 തസ്തികകൾ നിർത്തലാക്കുകയോ സൂപ്പർ ന്യൂമററിയായി പ്രഖ്യാപിക്കുകയോ ചെയ്യേണ്ടതായിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly